മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെയും ട്രാഫിക് വിഭാഗത്തിലെ സബ്ഇൻസ്പെക്ടർമാരെയും അതിനുമുകളിൽ സർക്കിൾഇൻസ്പെക്ടർമാരെയും ഇതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓവർലോഡ് കയറ്റിയെന്ന കാരണത്താലോ വാഹനങ്ങൾക്ക് അത്യാവശ്യംവേണ്ട ഉപകരണങ്ങളില്ലെന്നുള്ള കാരണത്താലോ ഏതെങ്കിലുമൊരു വാഹനം കണ്ടെത്തി ശിക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ വ്യക്തമായും കൃത്യമായും പ്രശ്നങ്ങൾ പരിഹരിച്ചതിനുശേഷമേ ആ വണ്ടി ഓടിയ്ക്കുവാൻ പാടുള്ളൂവെന്നുണ്ട്. ആ കുറ്റകൃത്യം പരിഹരിക്കപ്പെടാതെ വീണ്ടും റോഡിൽ വണ്ടിയിറക്കിയാൽ വീണ്ടും ക്രിമിനൽ നിയമ നടപടി വരും. 300—ാം വകുപ്പനുസരിച്ച് അത് ശിക്ഷാർഹമാണ്. ഇവിടെ ബഹുമാനപ്പെട്ട പീതാംബരൻമാസ്റ്റർ ചില കാര്യങ്ങൾ പറയുകയുണ്ടായി. ടാക്സിത്തൊഴിലാളികളുടെയും ഡ്രൈവർമാരുടെയും വിഷമങ്ങളും ബുദ്ധിമുട്ടുകളും ഈ ഗവൺമെന്റിന് നന്നായി അറിയാം. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമെന്ന ആഗ്രഹമുണ്ട്. ടാക്സിതൊഴിലാളികൾ സാമൂഹ്യദ്രോഹികളാണെന്ന് ഈ ഗവൺമെന്റിനഭിപ്രായമില്ല. അവർ ജീവിക്കുവാൻവേണ്ടി പണിയെടുക്കുന്ന ആത്മാഭിമാനമുള്ള തൊഴിലാളികളാണെന്ന് ഈ ഗവൺമെന്റിന് ഉത്തമ ബോദ്ധ്യമുണ്ട്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: ഞാൻ പറഞ്ഞ പ്രധാനപ്പെട്ട ഒരുകാര്യം ഈ രേഖകളും പെർമിറ്റുകളുമൊക്കെ ദിവസേന പരിശോധിക്കുന്നുവെന്നുള്ളതിനെപ്പറ്റിയാണ്. ഒരിക്കൽ പരിശോധിച്ചുകഴിഞ്ഞാൽ, 'പരിശോധിച്ചു' എന്ന് സ്റ്റിക്കർ ഒട്ടിച്ചുകഴിഞ്ഞാൽ തുടർന്ന് ഒന്നുരണ്ടു മാസം ആ കാര്യങ്ങൾ പരിശോധിക്കുന്നതിൽനിന്നും അവരെ ഒഴിവാക്കിക്കൂടേ? അതിനൊരു നിർദ്ദേശം കൊടുക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. പി. കെ. വേലായുധൻ: ഒരു സ്പോട്ടിൽവച്ച് പരിശോധിച്ചതിനുശേഷം ആ വണ്ടി പോകുമ്പോൾ ആ കുറ്റത്തിന് വിധേയമായ വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്താതെ മറ്റൊരു സ്ഥലത്തുവച്ച് വീണ്ടും ശിക്ഷിക്കപ്പെടുന്നുവെന്നുള്ളതാണ് കുറ്റം. അപ്പോൾ ഈ വണ്ടിയിൽ വരുന്ന കുറവുകൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നില്ലെന്നുള്ളതുകൊണ്ടാണ് ആ വണ്ടി വീണ്ടും ശിക്ഷയ്ക്ക് വിധേയമാകുന്നത്. ഇത് വളരെ വ്യക്തമാണ്. എത്രയായിരുന്നാലും ഇത് പരിശോധിക്കുന്നതാണ്.

(2) ഭേത—പറവ സമുദായത്തിൽനിന്നും ലത്തീൻ കത്തോലിക്ക സമുദായത്തിലേക്ക് മത പരിവർത്തനം ചെയ്യപ്പെട്ട വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. തോപ്പിൽ രവി: സർ, ഭേത—പറവ വിഭാഗങ്ങളിൽ നിന്നും ലാറ്റിൻകത്തോലിക്കാ സമുദായത്തിലേയ്ക്ക് മതപരിവർത്തനം ചെയ്ത ആളുകളുടെ കുട്ടികൾക്ക് കഴിഞ്ഞ ഏതാനും വർഷങ്ങളായി ലഭിച്ചുകൊണ്ടിരുന്ന ലംപ്സം ഗ്രാന്റ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കഴിഞ്ഞ രണ്ടുമൂന്നുവർഷക്കാലമായി നേരിടുന്ന ബുദ്ധിമുട്ടുകൾ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ കാര്യം ഇതിനുമുമ്പും ഈ സഭയിൽ ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. എന്നിട്ടും ഈ പാവപ്പെട്ട കുട്ടികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു പരിഹാരമുണ്ടായിട്ടില്ല. വർഷങ്ങളായി ലഭിച്ചുപോരുന്ന ഒരു ആനുകൂല്യ

LIBRARY ARCHIVES Kerala Legislative Assembly

പെട്ടെന്നൊരു ദിവസം നിഷേധിക്കപ്പെടുമ്പോൾ വെറും സാധാരണക്കാരും പട്ടിണിപ്പാവങ്ങളുമായ ഈ ആളുകളുടെ സാമ്പത്തിക സ്ഥിതിയിൽ ഉണ്ടാകുന്ന ആഘാതം ഞാൻ പ്രത്യേകം പറയേണ്ട കാര്യമില്ല. ഭരത—പരവ വിഭാഗങ്ങൾ പട്ടികജാതിക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹരാണ്. ഈ വിഭാഗങ്ങളിൽനിന്നും മതപരിവർത്തനം ചെയ്തവരുടെ കുട്ടികൾക്കും ഈ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരുന്നു. 1984 മുതലാണ് ഈ കാര്യങ്ങളിൽ ചില പുതിയ നിയന്ത്രണങ്ങളും നിബന്ധനകളുമൊക്കെ ഫുർപ്പെടുത്തിയത്. ജാതിതെളിയിക്കുന്നതിനുവേണ്ടി മൂന്നു തലമുറകൾക്കുമുമ്പ് ഇവർ മതപരിവർത്തനം ചെയ്തവരാണെന്ന് തെളിയിക്കുന്ന ത്രീ ജനറേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധിച്ചാൽ അത് വളരെ ക്ലേശകരമായ, ബുദ്ധിമുട്ടുള്ള കാര്യമാണ്. കോളേജുകളിലും സ്കൂളുകളിലും താലൂക്ക്—വില്ലേജാഫീസുകളിലും ഹരിജനക്ഷേമ ഓഫീസുകളിലും നിത്യേന കയറിയിറങ്ങി ഈ വിദ്യാർത്ഥികളും രക്ഷാകർത്താക്കളും വളരെ കഷ്ടപ്പെടുകയാണ്. അതാതു കാലങ്ങളിലുണ്ടാകുന്ന ചട്ടങ്ങൾ വ്യാഖ്യാനിക്കുന്നതിനും നടപ്പിലാക്കുന്നതിലും ജീവകാരുണ്യപരമായ ഒരു സമീപനം സ്വീകരിച്ച് ഈ ആനുകൂല്യങ്ങൾ എങ്ങനെ കൊടുക്കാമെന്ന് പരിശോധിക്കുന്നതിനുപകരം എങ്ങനെ നിഷേധിക്കാമെന്നു നോക്കുന്ന ഒരു സമീപനമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പലപ്പോഴും സ്വീകരിക്കുന്നതെന്ന് സാർവ്വത്രികമായ പരാതികൾ ഉണ്ടായിട്ടുണ്ട്. 1984—85 അദ്ധ്യയന വർഷത്തിൽ രക്ഷിതാക്കളും കുട്ടികളും ഇതിനെതിരേ വ്യാപകമായ പ്രക്ഷോഭണം നടത്തിയെങ്കിലും ആ അദ്ധ്യയന വർഷത്തിന്റെ അവസാനത്തിൽമാത്രമാണ് ഈ കുട്ടികൾക്ക് ലംപ്സംഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചത്. 1984—85, 1985—86 അദ്ധ്യയനവർഷങ്ങളിൽ പിരിച്ചെടുത്ത സ്പെഷ്യൽ ഫീസ് ഇതുവരേയും തിരിച്ചുകൊടുത്തിട്ടില്ല. ഈ പുതിയ അദ്ധ്യയനവർഷത്തിലും ഈ വിഭാഗം കുട്ടികളിൽനിന്നും സ്പെഷ്യൽ ഫീസ് പിരിച്ചു തുടങ്ങിയിരിക്കുകയാണ്. ഗവൺമെന്റ് എന്തെല്ലാം സദുദ്ദേശങ്ങൾ വച്ചുകൊണ്ടാണോ ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് തീരുമാനിച്ചിരുന്നത് ആ സാഹചര്യം ഇന്നും നിലനിൽക്കുന്നതുകൊണ്ട്, അന്നന്നത്തെ അത്താഴത്തിനുപോലും ക്ലേശിക്കുന്ന ഈ പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഈ കുട്ടികൾക്ക് ലഭിച്ചിരുന്ന ഈ ആനുകൂല്യം തുടർന്ന് നൽകുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ വർഷങ്ങളിലും ഓരോ നിയമങ്ങളും ചട്ടങ്ങളും ഈ കാര്യത്തിലുണ്ടാക്കുന്നതിനുപകരം സ്ഥിരമായ ഒരു സംവിധാനവും വ്യക്തമായൊരു നിർദ്ദേശവും ദുർവ്യാഖ്യാനത്തിനിടയില്ലാത്തവിധം ഗവൺമെന്റ് നൽകണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ഭരത—പരവ സമുദായത്തിലെ വിദ്യാർത്ഥികൾ പല രീതിയിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. അത് ക്യാരിഫൈ ചെയ്യുന്നതിന് വേണ്ടി പല ഓർഡറുകളും ഗവൺമെന്റ് ഇറക്കിയിട്ടുണ്ട്. ഭരത—പരവ സമുദായത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് മത പരിവർത്തനം നടത്തിയ വിദ്യാർത്ഥികൾക്ക്, പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. മതപരിവർത്തനം നടത്തിയ ഭരത—പരവ സമുദായത്തിലെ വിദ്യാർത്ഥികൾ കോളേജിൽ ചേരുമ്പോൾ ഒരു നിശ്ചിത ഫാറത്തിൽ ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതുണ്ട്. അതിനു വേണ്ടി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞിട്ടുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനം മാറിപ്പോകുമ്പോഴും പുതിയ കോഴ്സിന് ചേരുമ്പോഴും ഈ സർട്ടിഫിക്കറ്റ് ആവശ്യമാണ്. സ്കൂൾ തലത്തിലും, ഈ നിശ്ചിത ഫാറത്തിലുള്ള സർട്ടിഫിക്കറ്റ് ആവശ്യമാണ്. ലത്തീൻ കത്തോലിക്കാ സമുദായത്തിലുള്ള വിദ്യാർത്ഥികൾക്ക് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്ക വിഭാഗത്തിന് ലഭിക്കുന്ന ആനുകൂല്യം ലഭിക്കുന്നതാണ്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പ്രൊഫഷണൽ കോളേജുകൾക്ക് സീറ്റ് സംവരണവും ഈ ആനുകൂല്യങ്ങളുമുണ്ട്. സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നാൽ അവർ ഏത് വിഭാഗമെന്ന് തീരുമാനിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഭരത—പരവ ക്രിസ്ത്യാനിയെന്ന് ഹാജരാക്കണമെന്ന് നിർദ്ദേശിക്കാറുണ്ട്. ഭരതരും പരവരും പട്ടികജാതിക്കാരായി അംഗീകരിക്കപ്പെട്ട സമുദായങ്ങളാണ്. പഠിക്കുമ്പോൾ പട്ടികജാതിക്കാർക്ക് തുല്യമായ ആനുകൂല്യങ്ങളും വാങ്ങുകയും റിസർവേഷൻ ആനുകൂല്യങ്ങൾക്ക് ലാറ്റിൻ കാത്തലിക്കായി സർട്ടിഫിക്കറ്റ് നേടാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു പ്രവണത തടയുന്നതിന് വേണ്ടിയുള്ള ഗവൺമെന്റ് ഉത്തരവ് ഇതിനകം തന്നെ അയച്ചു കഴിഞ്ഞിട്ടുണ്ട്.

അതുപോലെ കിർത്താഡ്സ് ഡയറക്ടറുടെ ഒരു റിപ്പോർട്ടും ഈ കാര്യത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് വന്നുകഴിഞ്ഞാലുടൻ തന്നെ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം നൽകണമെന്ന നിർദ്ദേശവും ഗവൺമെന്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. തോപ്പിൽ രവി: സർ, ത്രീ—ജനറേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ഇപ്പോഴും ഈ ഓഫീസുകളിലൊക്കെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. അത് മനുഷ്യസാദ്ധ്യമായ ഒരു കാര്യമല്ല. മൂന്നു തലമുറകളായുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് പറഞ്ഞ് ദുർവ്യാഖ്യാനിച്ച് ഇപ്പോഴും ഫലത്തിൽ ഇതിന്റെ ഗുണഫലത്തിന് അർഹരായ കുട്ടികൾക്ക് അതു കിട്ടുന്നില്ല എന്ന ഒരു സ്ഥിതിയാണ് ഇത്. അതേ സമയത്ത് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് യഥാസമയം ഇത് കുട്ടികൾക്ക് കിട്ടുമാറാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ: തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഏതെങ്കിലും കാര്യങ്ങളിൽ പ്രായോഗികമായ വൈഷമ്യങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കുകയും അതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യാം.

III. സബ്മിഷൻ

(1) കക്കാട് ജലവൈദ്യുതിപ്രദേശത്തെ തൊഴിൽ പ്രശ്നങ്ങൾ

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: സർ, കക്കാട് വൈദ്യുതപദ്ധതിയുമായി ബന്ധപ്പെട്ട പന്നിക്കുന്ന്, വേലിത്തോട് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ കോൺട്രാക്ട് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത് ആർ. ജെ. ഷാ ആൻറ് കമ്പനിയാണ്. ആദ്യം അവിടെ പണി ഏറ്റെടുത്തിരുന്നത് വർക്കല ഗോപിയെന്ന ഒരു കോൺട്രാക്ടറാണ്. കുറെക്കാലം ആ കമ്പനി പണി നടത്തിയതിനുശേഷം അവർ പണി ഉപേക്ഷിച്ച് പോകുകയുണ്ടായി. തുടർന്ന് പന്നിക്കുന്ന് എന്ന സ്ഥലത്തെ കോൺട്രാക്ട് കോട്ടയം സി.എസ്. കമ്പനിക്ക് നൽകി. അവിടെ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക് അതിനടുത്ത ഒസൈറിൽതന്നെ സി.വി.

LIBRARY ARCHIVES Kerala Legislative Assembly